# കേരള സർവകലാശാല

നം.പി.ആർ.188/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2018 മേയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ടെക് 2013 സ്കീം (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 13. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 മേയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ടെക് 2013 സ്കീം പാർട്ട് – ടൈം റീസ്ട്രക്ചേർഡ് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

എം.സി.എ ആറാം സെമസ്റ്റർ 2015 സ്കീം – റെഗുലർ, ആറാം സെമസ്റ്റർ (2011 സ്കീം) സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ 4 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 7 വരെയും 125 രൂപ പിഴയോടെ സെപ്റ്റംബർ 10 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 സെപ്റ്റംബർ 25 ന് ആരംഭിക്കുന്ന അവസാന വർഷ ബി.ഡി.എസ് – പാർട്ട് I (സപ്ലിമെന്ററി – 2008 ന് മുൻപുള്ള സ്കീം), സെപ്റ്റംബർ 28 ന് ആരംഭിക്കുന്ന അവസാന വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ 4 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 6 വരെയും 125 രൂപ പിഴയോടെ സെപ്റ്റംബർ 10 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

ബി.എ അഫസൽ – ഉൽ – ഉലമ പാർട്ട് ഒന്നും രണ്ടും പരീക്ഷകൾ സെപ്റ്റംബർ 24 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### മേഴ്സി ചാൻസ്

ഒന്നാം സെമസ്റ്റർ ബി.എഡ് പരീക്ഷയ്ക്ക് (2013 സ്കീം) മേഴ്സി ചാൻസ് അനുവദിച്ചിട്ടുണ്ട്. പരീക്ഷ എഴുതുവാനുള്ള വിദ്യാർത്ഥികൾ വിഷയങ്ങളുടെ വിശദവിവരങ്ങൾ അടങ്ങിയ അപേക്ഷ സെപ്റ്റംബർ 15 നു മുമ്പായി പരീക്ഷാ വിഭാഗം മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

# ത്രിദിന അന്തർദേശീയ കോൺഫറൻസ്

സാമ്പത്തിക ശാസ്ത്ര പഠന വകുപ്പിന്റെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടെർനേറ്റീവ് ഇക്കണോമിക്സ് പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക, സാമൂഹിക വിഷയങ്ങളെ ആസ്പദമാക്കി പാളയം സെനറ്റ് ചേംബറിൽ സംഘടിപ്പിച്ച ത്രിദിന അന്തർദേശീയ കോൺഫറൻസിന്റെ സമാപന ദിനത്തിൽ ലളിത് കുമാർ, ഡോ.മഞ്ജുള എം, ഡോ.എൽ ഉമാമഹേശ്വരി എന്നിവർ കാർഷിക ഉത്പാദനവും പാരിസ്ഥിതിക സേവനങ്ങളുടെ അപചയവും, കാലാവസ്ഥ വ്യതിയാനം കാർഷിക മേഖലയിൽ, കടൽ മത്സ്യസമ്പത്തിന്റെ സാമ്പത്തിക വിശകലനം എന്നീ വിഷയങ്ങിൽ പ്രഭാഷണം നടത്തി.

സമാപന ചടങ്ങിൽ വൈസ് ചാൻസലർ ഇൻ ചാർജ്ജ് ഡോ.സി ഗണേഷ്, IUCAE ഡയറക്ടർ പ്രൊഫ.അബ്ദുൾ സലിം.എ, കോൺഫറൻസ് കോർഡിനേറ്റർ ഡോ.അനിത.വി എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രൊഫ.എം.എൻ മൂർത്തി ഉപസംഹാര പ്രസംഗം നടത്തി.

തിരുവനന്തപുരം.
18.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098